(ബി) എങ്കിൽ പ്രസ്തുത വിധിയുടെ വിശദാംശം നൽകുമോ;

(സി) ഈ വിധിയുടെ മറവിൽ പ്രസ്തുത വനത്തിൽ കയ്യേറ്റമുണ്ടായിട്ടുണ്ടോ;

(ഡി) ഈ വനത്തിൽ കൂടി റോഡ് നിർമ്മിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്തിനുവേണ്ടിയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 'എ'-യിലെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി ആന്റ് ഇ) റോഡ് നിർമ്മിക്കുന്നില്ല. എന്നാൽ ഇക്കോടൂറിസം പദ്ധതിയുടെ ഭാഗമായി 3 നടപ്പാതകൾ ഒരുക്കിയിട്ടുണ്ട്. പൊന്തൻപുഴ വനത്തിലെ ഊട്ടുപാറയിൽ നിന്നും പ്രകൃതിഭംഗി ആസ്വദിക്കുന്നതിന് സന്ദർശകരുടെ സൗകര്യാർത്ഥം ഒരുക്കിയിട്ടുള്ളതാണ് മേൽ നടപ്പാതകൾ.

വലിയകാവ്-പൊന്തൻപുഴ വനമേഖയിലൂടെയുള്ള റോഡു നിർമ്മാണം

114 [1248] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട-കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന വലിയകാവ്-പൊന്തൻപുഴ വനമേഖലയിലെ നിബിഡവനത്തിലൂടെ വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ റോഡ് വെട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കിലോമീറ്റർ റോഡ് എത്ര മീറ്റർ വീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്;

(സി) ഇതിന്റെ തുടക്കവും അവസാനവും എവിടെയാണ്;

(ഡി) ഈ റോഡ് നിർമ്മിക്കുന്നതിനായി ഏത് പദ്ധതിപ്രകാരം എത്ര രൂപയാണ് വനംവകുപ്പ് ചെലവഴിച്ചിട്ടുള്ളത്; റോഡ് നിർമ്മാണം സംബന്ധിച്ച് മാധ്യമങ്ങളിൽ ആരോപണങ്ങൾ വന്നിട്ടുണ്ടോ എന്നും എങ്കിൽ ആരോപണങ്ങളുടെ നിജസ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ഇ) സാധാരണ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അതതു പ്രദേശത്തെ വനസംരക്ഷണ സമിതികളെക്കൂടി ഇതിൽ പങ്കെടുപ്പിക്കാറുണ്ടോ എന്ന് അറിയിക്കാമോ;

(എഫ്) ഈ റോഡു നിർമ്മാണം ബന്ധപ്പെട്ട വനസംരക്ഷണ സമിതികളെ അറിയിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റോഡ് വെട്ടിയിട്ടില്ല. ഇക്കോടൂറിസത്തിന്റെ ഭാഗമായി മൂന്നു നടപ്പാതകൾ ഒരുക്കിയിട്ടുണ്ട്.

(ബി) നടപ്പാതകളുടെ നീളവും വീതിയും ചുവടെ ചേർക്കുന്നു:

(1) 3.25 കി. മീ. നീളം 2 മീറ്റർ വീതി.

(2) 1 മീറ്റർ നീളം 2 മീറ്റർ വീതി.

(3) 0.25 കി. മീ. നീളം 2 മീറ്റർ വീതി.

(സി) (1) വിളക്കോടി ചതുപ്പു മുതൽ ഊട്ടുപാറ വരെ (3.25 കി.മീ. നീളം).
(2) വെച്ചുകുന്നു മുതൽ ഊട്ടുപാറ വരെ (1 കി. മീറ്റർ നീളം).
(3) നെടുമ്പുറം മുതൽ ആലോചനക്കവല വരെ (0.25 കി. മീറ്റർ നീളം).

(ഡി) ഇക്കോടൂറിസം പദ്ധതിയുടെ ഭാഗമായി 4.5 കി.മീ. നടപ്പാത നിർമ്മിച്ചതിന് 52,516 രൂപ ചെലവഴിച്ചിട്ടുണ്ട്. മാധ്യമങ്ങളിൽ വന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്.

(ഇ) മൈക്രോ പ്ലാനുകളിൽ അംഗീകരിക്കപ്പെട്ട പ്രവർത്തനങ്ങളിലാണ് സാധാരണ വനസംരക്ഷണ സമിതിയെ പങ്കെടുപ്പിക്കാറുള്ളത്.

(എഫ്) ഈ നടപ്പാത ഉൾപ്പെടുന്ന എരുമേലി റെയിഞ്ചിൽ വനസംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടില്ല.

സ്വകാര്യവ്യക്തിയുടെ കൈവശമുള്ള പൊന്തൻപുഴ-വലിയകാവ് വനമേഖലയുടെ റവന്യൂ രേഖകൾ

115 [1249] ശ്രീ. ടി. എൻ. പ്രതാപൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പൊന്തൻപുഴ-വലിയകാവ് വനമേഖല സ്വകാര്യ വ്യക്തിയുടേതാണെന്ന് കാണിക്കുന്ന ഭൂമിയുടെ പ്രമാണം ലഭ്യമാണോ;

(ബി) പ്രസ്തുത പ്രമാണം ഏത് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തതെന്നും ആ തീയതി മുതൽ സ്വകാര്യവ്യക്തി അത് കൈവശം വയ്ക്കുകയും അനുഭവം എടുക്കുകയും ചെയ്തിരുന്നുവോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമല്ല.

(ബി) (എ)-യിലെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly